ശ്രീ. എൻ്. എസ്സ്. കൃഷ്ണപിള്ള : ട്രാൻസ്പോർട്ട് സർവ്വീസുകളിൽ കൂടുതൽ ആളുകളെ കയറ്റുന്നതിനെപ്പറ്റി അന്വേഷിക്കുന്നതിനു് ട്രാൻസ്പോർട്ടിൽനിന്നും ഒരു എൻക്വയറി കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടു്. ടാക്സി കാറുകളിൽ ആളുകളെ കൂടുതൽ കയറ്റുന്നതിനെപ്പറ്റി അവരെ സമതലപ്പെടുത്തി ഒരു റിപ്പോർട്ട് തയാറാക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. ടി. അച്യുതൻ : തൽക്കാലം ഉദ്ദേശമില്ല.

സഹകരണ സംഘം

* 277. [15] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറുവഴി എത്ര സഹകരണ സംഘങ്ങൾ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടു് ;

(ബി) ഈ സംഘങ്ങൾക്കു് ഗ്രാൻറിനത്തിലും, ലോൺ ഇനത്തിലും കൂടി എത്ര രൂപ വിതരണം ചെയ്തു ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) പതിനഞ്ചു്.

(ബി) പതിനൊന്നു സഹകരണസംഘങ്ങൾക്കു് ആകെ 50,000 രൂപ ഗ്രാൻറായി വിതരണം ചെയ്തിട്ടുണ്ടു്. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൽനിന്നും സംഘങ്ങൾക്കു് ലോൺ നൽകാറില്ല.

ശ്രീ. ടി. കൃഷ്ണൻ : കഴിഞ്ഞ ഒന്നും രണ്ടും പഞ്ചവത്സരപദ്ധതിക്കാലത്തു് ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടു്. ആ സംഘങ്ങൾക്കു് ഗ്രാൻറും കൊടുത്തിട്ടുണ്ടു്. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ ഗ്രാൻറു് വാങ്ങുന്ന സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ നടക്കുന്നുണ്ടോയെന്നു് പരിശോധിക്കുന്നതിനു് സ്പെഷ്യൽ ഓഫീസേഴ്സിനെ നിയമിക്കുന്നതിനുള്ള നടപടികളെടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ഇനി ഇക്കാര്യത്തിനുവേണ്ടി സ്പെഷ്യൽ ഓഫീസേഴ്സിനെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇപ്പോഴുതന്നെ അതിലേയ്ക്കുവേണ്ടി ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ടു്. അവർ അന്വേഷണം നടത്തുന്നുണ്ടു്.

ശ്രീ. കെ. എം. ജോർജ്ജ് : ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു സഹകരണസംഘത്തിനു് മുമ്പിരുന്ന ഡയറക്ടർ ഒരു ഭീമമായ തുക ഗ്രാൻറായി കൊടുത്തതായി അറിയുന്നു. അക്കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അതിനെപ്പറ്റി ഗവണ്മെൻറിൽനിന്നും വേണ്ട അന്വേഷണം നടത്തുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : തൃശ്ശൂർ ഡിസ്ട്രിക്ടിലുള്ള ഒരു സംഘത്തിനു് ആറായിരം രൂപ ശ്രീ. സി. സി. കുഞ്ഞൻ ഡയറക്ടറായിരുന്ന കാലത്തു് ഗ്രാൻറായി കൊടുത്തിട്ടുണ്ടു്. അതിനെ സംബന്ധിച്ചു് ഗവണ്മെൻറിൽനിന്നും അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്. രജിസ്റ്റർ ചെയ്യാത്ത ഒരു സഹകരണസംഘത്തിനു് അനർഹമായി കൊടുത്ത ഗ്രാൻറാണു്.

ശ്രീ. ഒ. കോരൻ : കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പതിനൊന്നു് സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു് പറഞ്ഞു. അതിൽ എത്ര യെണ്ണത്തിനു് ഗ്രാൻറു കൊടുത്തിട്ടുണ്ടെന്നും എത്രയെണ്ണം പ്രവർത്തിച്ചു തുടങ്ങി യിട്ടുണ്ടെന്നും പറയാമോ ?

ശ്രീ. കെ. കുഞ്ഞമ്പു : പതിനൊന്നു് സൊസൈറ്റികൾക്കും ഗ്രാൻറു് കൊടുത്തുകഴിഞ്ഞിട്ടുണ്ടു്. എല്ലാം പ്രവർത്തിച്ചു തുടങ്ങിയിട്ടുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly